## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വടക്കൻ പരവൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ താത്കാലികമായി മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(എം. എസ്) നം.88/2015/തസ്വഭവ. തിരുവനന്തപുരം, തീയതി:23/03/2015

==============================================================

പരാമർശം :- ജി.ഒ(എം.എസ്) നം. 79/2013/തസ്വഭവ തീയതി 5/3/2013

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം വടക്കൻ പരവൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കരട് മാസ്റ്റർ പ്ലാൻ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ധാരാളം പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വടക്കൻ പരവൂർ നഗരസഭയുടെ മാസ്റ്റർപ്ലാൻ താൽക്കാലികമായി മരവിപ്പിക്കുവാനും പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കൂടി പരിഗണിച്ചശേഷം പുതുക്കിയ മാസ്റ്റർ പ്ലാനിന്റെ കരട് തയ്യാറാക്കുവാനും സർക്കാർ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള വടക്കൻ പരവൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ താൽക്കാലികമായി മരവിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഈ വിഷയത്തിന്മേൽ അന്തിമ വിജ്ഞാപനം ആവശ്യമെങ്കിൽ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**(എ.പി.എം.മുഹമ്മദ് ഹനീഷ്)**
നഗരകാര്യ സെക്രട്ടറി

1. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. ചെയർ പേഴ്സൺ/സെക്രട്ടറി, വടക്കൻ പരവൂർ നഗരസഭ.
4. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. വിവര പൊതുജനസമ്പർക്ക വകുപ്പ് (ദൃശ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണത്തിന്)
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Vijeesh

സെക്ഷൻ ഓഫീസർ